**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 365** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി, പാറത്തോട്, കോരുത്തോട്, തീക്കോയി എന്നിവിടങ്ങളിൽ ഇക്കഴിഞ്ഞ ഒക്ടോബറിലുണ്ടായ കനത്ത മഴയിലും ഉരുൾപ്പൊട്ടലിലും തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ എം എൽ എ ആസ്തി വികസന ഫണ്ടിലും എം എൽ എ പ്രാദേശിക വികസന ഫണ്ടിലും ഉൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി, പാറത്തോട്, കോരുത്തോട്, തീക്കോയി എന്നിവിടങ്ങളിൽ ഇക്കഴിഞ്ഞ ഒക്ടോബറിലുണ്ടായ കനത്ത മഴയിലും ഉരുൾപ്പൊട്ടലിലും തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിച്ചു വരുന്നുണ്ട്. ഇനിയും 50 കിലോമീറ്റർ റോഡുകൾ കൂടി പുനരുദ്ധരിക്കേണ്ടതുണ്ട്. ഇത് എസ്.ഡി.ആർ.എഫ് ഫണ്ട്, Rebuild കേരള പദ്ധതി, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്താനാകുമോയെന്ന് പരിശോധിച്ച് വരുന്നു |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ തകർന്ന റോഡുകളും പാലങ്ങളും ദുരന്ത നിവാരണത്തിനായുള്ള എസ്.ഡി.ആർ.എഫ്. ഫണ്ട്, റീ ബിൽഡ് കേരള പദ്ധതി, വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുള്ള പ്രത്യേക പദ്ധതി എന്നിവ വഴി അടിയന്തരമായി പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | നിലവിൽ എം എൽ എ ആസ്തി വികസന ഫണ്ടിലും എം എൽ എ പ്രാദേശിക വികസന ഫണ്ടിലും ഉൾപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി, പാറത്തോട്, കോരുത്തോട്, തീക്കോയി എന്നിവിടങ്ങളിൽ ഇക്കഴിഞ്ഞ ഒക്ടോബറിലുണ്ടായ കനത്ത മഴയിലും ഉരുൾപ്പൊട്ടലിലും തകർന്ന ഗ്രാമീണ റോഡുകളും പാലങ്ങളും പുനരുദ്ധരിച്ചു വരുന്നുണ്ട്. ഇനിയും 50 കിലോമീറ്റർ റോഡുകൾ കൂടി പുനരുദ്ധരിക്കേണ്ടതുണ്ട്. ഇത് എസ്.ഡി.ആർ.എഫ് ഫണ്ട്, Rebuild കേരള പദ്ധതി, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്താനാകുമോയെന്ന് പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ